142 (142). പാർട്ട് ടൈം ജീവനക്കാരുടെ നിയമനം

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ശ്രീമതി കെ.കെ. പുഷ്പവല്ലി തന്നെ ആരോഗ്യ വകുപ്പിൽ പാർട്ട് ടൈം കണ്ടിൻജന്റ് ജീവനക്കാരിയായി നിയമിക്കണം എന്നാവശ്യപ്പെട്ടത് വ്യാജസർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണോ;

(ബി) പ്രസ്തുത സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ എന്നാണ് പരിശോധനക്ക് വിധേയമാക്കിയത്; സർട്ടിഫിക്കറ്റിൽ ആരുടെ ഒപ്പാണ് ഫോർജ് ചെയ്തിട്ടുള്ളത്;

(സി) പ്രസ്തുത സർട്ടിഫിക്കറ്റ് എന്നാണ് പിടിച്ചെടുത്തതെന്നും നിലവിൽ ആരുടെ കസ്റ്റഡിയിലാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) അതെ

(ബി) 26.6.96-ൽ പരിശോധനക്ക് വിധേയമാക്കി. പ്രസ്തുത സർട്ടിഫിക്കറ്റിൽ മുട്ടം പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഡോക്ടർമാരായ ഡോ. ജോസ് ചെറിയാൻ, ഡോ. പി.സി. ജോസഫ് എന്നിവരുടെ ഒപ്പുകൾക്ക് സമാനമായ ഒപ്പുകളാണ് ഫോർജ് ചെയ്തിട്ടുള്ളത്.

(സി) പ്രസ്തുത സർട്ടിഫിക്കറ്റ് പിടിച്ചെടുത്തിട്ടില്ല.

143 (143). ഡ്രൈവർ തസ്തികയിലെ ഒഴിവുകൾ

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ ഹെൽത്ത്, ഐ.എസ്.എം. ഹോമിയോപ്പതി വകുപ്പുകളിൽ ലൈറ്റ്ഡ്യൂട്ടി ഡ്രൈവർ, ഹെവിഡ്യൂട്ടി ഡ്രൈവർ, തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് ജില്ലാക്രമത്തിൽ തരം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ പി.എസ്.സി. ഈ തസ്തികകൾക്കായി തിരുവനന്തപുരം ജില്ലയിലേയ്ക്ക് തയ്യാറാക്കിയ ലിസ്റ്റ് നിലവിലുള്ളതായി അറിയുമോ;

(സി) എങ്കിൽ പ്രസ്തുത തസ്തികയിലെ ഒഴിവുകൾ മുഴുവനും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ഡി) ഏതെങ്കിലും ഒഴിവിൽ ദിവസക്കൂലിപ്രകാരം ആരെങ്കിലും ജോലി നോക്കുന്നുണ്ടോ;

(ഇ) നിലവിലുള്ള ഒഴിവുകൾ സത്വരമായി പി.എസ്.സി.യെ അറിയിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ആരോഗ്യവകുപ്പിൽ വിവിധ ജില്ലകളിലായി 73 ഹെവിഡ്യൂട്ടി ഡ്രൈവർമാരുടെ ഒഴിവുകളുണ്ട്. ജില്ലാക്രമത്തിൽ ചുവടെ നൽകുന്നു.

കൊല്ലം	-	10
ആലപ്പുഴ	-	3
കോട്ടയം	-	8

LIBRARY ARCHIVES Kerala Legislative Assembly

ഇടുക്കി	-	11
തൃശ്ശൂർ	-	6
പാലക്കാട്	-	3
മലപ്പുറം	-	11
കോഴിക്കോട്	-	8
വയനാട്	-	4
കാസർഗോഡ്	-	9

ആയുർവേദവകുപ്പിൽ ലൈറ്റ്ഡ്യൂട്ടി ഡ്രൈവർമാരുടെ 2 ഒഴിവുകളും (ഡയറക്ടറേറ്റ് ഓഫ് ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ ഓഫീസ്-1 ഇടുക്കി ജില്ല -1) ഹോമിയോപ്പതി വകുപ്പിൽ, ഹോമിയോപ്പതി ഡയറക്ടറേറ്റിൽ ഒരു ലൈറ്റ് ഡ്യൂട്ടി ഡ്രൈവറുടെ ഒഴിവും ഉണ്ട്.

(ബി) നിലവിലുണ്ട്.

(സി) ഉണ്ട്.

(ഡി) ആയുർവേദ വകുപ്പിലെയും ഹോമിയോപ്പതി വകുപ്പിലെയും ഒഴിവുകളിൽ ദിവസക്കൂലിക്കാരാണ് ജോലി നോക്കിവരുന്നത്.

(ഇ) നിർദ്ദേശം നൽകിയിട്ടുണ്ട്.

144 (144) പാർട്ട് -ടൈം തസ്തികയിലേയ്ക്ക് നിയമനാധികാരം

<u>ശ്രീ. എം.വി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോപ്പതി വകുപ്പിൽ പാർട്ട്-ടൈം തസ്തികയിലേയ്ക്കുള്ള നിയമനാധികാരം ജില്ലാ മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ടോ;

(ബി) ജില്ലാ മെഡിക്കൽ ഓഫീസർ തയ്യാറാക്കുന്ന ലിസ്റ്റ് ഹോമിയോ ഡയറക്ടർ അംഗീകരിച്ചതിനുശേഷം മാത്രമേ നിയമനം നടത്താവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അത്തരത്തിൽ നിർദ്ദേശിക്കാനുണ്ടായ സാഹചര്യം എന്താണെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത നിർദ്ദേശം കാരണം നിയമനം ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത കാലതാമസം ഒഴിവാക്കുന്നതിന് വേണ്ടി പകരം സംവിധാനം ഏർപ്പെടുത്താൻ തയ്യാറാവുമോ;

(എഫ്) പാലക്കാട് ജില്ലാ മെഡിക്കലാഫീസർ 04.07.97-ൽ നടത്തിയ പാർട്ട് - ടൈം നിയമനം ഹോമിയോ ഡയറക്ടർ റദ്ദാക്കുകയുണ്ടായോ?

(ജി) എങ്കിൽ കാരണമെന്താണെന്ന് വിശദമാക്കുമോ;

(എച്ച്) പ്രസ്തുത നടപടിമൂലം യഥാർത്ഥ നിയമനം എത്രമാസം വൈകി എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി)&(സി) ചില ജില്ലാ മെഡിക്കലാഫീസർമാർ നടത്തിയ പി.ടി.എസ്. നിയമനങ്ങളിൽ ക്രമക്കേടുണ്ടെന്ന് പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കൂടിക്കാഴ്ചയുടെ ലിസ്റ്റ് ഹോമിയോ ഡയറക്ടർ പുനഃപരിശോധിച്ചശേഷം ഉത്തരവ് നൽകിയാൽ മതിയെന്ന് 23.11.96-ൽ ഹോമിയോ ഡയറക്ടർ ഒരു

LIBRARY ARCHIVES Kerala Legislative Assembly